# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരവൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P15)-402/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 14/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരവൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR (P15)-402/2023 തീയ്യതി: 14/04/2023

## തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 14-03-2023 | 16-03-2023 |
| ശ്രീമതി.സുജ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബേബി പി. വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ ഇ എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയലക്ഷ്മി സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സുനിത ടി വി | സെക്രട്ടറി | 01-04-2021 | 03-04-2021 |

| | | | |
|---|---|---|---|
| പ്രസീദ എം ജി | സെക്രട്ടറി | 04-04-2021 | 28-04-2021 |
| ഗോപി ടി എസ് | സെക്രട്ടറി | 29-04-2021 | 29-04-2021 |
| രാജേഷ് | സെക്രട്ടറി | 01-05-2021 | 19-05-2021 |
| ഫോർബി ഇ ജെ | സെക്രട്ടറി | 20-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജി ഫ്രാൻസിസ് | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി സെക്ഷൻ | 01-04-2021 | 31-03-2022 |
| വിജിത | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 09-09-2021 |
| ഡോ.ദിവ്യ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 10-09-2021 | 31-03-2022 |
| ഡോ.ലിസാമോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ജിഷ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സാജിത | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| പ്രസാദ് എം ബി | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ധന്യ | വി ഇ ഒ തളി സർക്കിൾ | 01-04-2021 | 15-10-2021 |
| സൂര്യ കെ ആർ | വി ഇ ഒ തളി സർക്കിൾ | 16-10-2021 | 31-03-2022 |
| പ്രജിത | വി ഇ ഒ വരവൂർ സർക്കിൾ | 01-04-2021 | 15-10-2021 |
| സൂര്യ കെ ആർ | വി ഇ ഒ വരവൂർ സർക്കിൾ | 16-10-2021 | 31-03-2022 |
| പ്രസീദ എം ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 02-06-2021 |
| സിദ്ധാർത്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | 03-06-2021 | 19-07-2021 |
| ആൽഫ്രഡ് എം കെ | അസിസ്റ്റന്റ് സെക്രട്ടറി | 20-07-2021 | 31-03-2022 |
| ലിപ്സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| നന്ദിനി ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ജസീല യു എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 04-01-2022 |
| നന്ദിനി ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-01-2022 | 09-02-2022 |

| | | | |
|---|---|---|---|
| സുനിത വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-02-2022 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-10 |
| 11 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല. | 1-10-1 |
| 12 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-2 |
| 13 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻടി ഇല്ല. | 1-10-3 |
| 14 | വസ്തുനികുതി- സാംഖ്യ-സഞ്ചയ പൊരുത്തപ്പെടുന്നില്ല. | 1-10-4 |
| 15 | വസ്തുനികുതി- ജേണൽ എൻടി മുഖേന ഡിമാന്റ് വ്യത്യാസപ്പെടുത്തി. | 1-10-5 |
| 16 | വസ്തുനികുതി അഡ്വാൻസ്- സാംഖ്യ, സഞ്ചയ പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | ജേണൽ എൻടികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. | 1-10-7 |
| 18 | ആസ്തികളുടെ മൂല്യം സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-10-9 |
| 20 | ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും തിരികെ നൽകാത്ത തുകകൾ പരിശോധിക്കേണ്ടതാണ്. | 1-10-10 |
| 21 | ഡിപ്രിസിയേഷൻ- രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-10-11 |
| 22 | ചെക്ക് ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആയിട്ടില്ല. | 1-10-12 |
| 23 | ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-10-13 |
| 24 | ഇൻവെസ്റ്റ്മെന്റ്- ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 1-10-14 |
| 25 | പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിച്ചില്ല. | 1-11 |
| 26 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 27 | റേഷൻ ഷോപ്പുകൾ, കള്ള് ഷോപ്പുകൾ എന്നിവയ്ക്ക് FACTEOS ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 28 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതിയിളവ്- ചട്ടം പാലിച്ചിട്ടില്ല | 1-14 |
| 29 | വസ്തുനികുതി കുറവ് നിർണ്ണയിച്ചു | 1-15 |
| 30 | പെർമ്മിറ്റ് കാലാവധി തീർന്ന കെട്ടിടത്തിന് പെർമ്മിറ്റ് പുതുക്കാതെ നമ്പർ | 1-16 |

| | | |
|---|---|---|
| | അനുവദിച്ചു. | |
| 31 | നിയമാനുസൃത കെട്ടിടങ്ങൾക്ക് നൽകുന്ന കെട്ടിട നമ്പർ അനധികൃത കെട്ടിടങ്ങൾക്ക അനുവദിച്ചു. | 1-17 |
| 32 | തെരുവ് വിളക്ക് പരിപാലനം- രജിസ്റ്ററിൽ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല | 1-18 |
| 33 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 34 | അങ്കണവാടി അനുപൂരക പോഷകാഹാരം - ഒരേ ബിൽ ഉപയോഗിച്ച് രണ്ട് പ്രാവശ്യം തുക നൽകി | 1-20 |
| 35 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എസ്.സി.പി. -രണ്ട് ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടില്ല. | 1-21 |
| 36 | ലൈഫ് ഭവന പദ്ധതി- ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 37 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-23 |
| 38 | ഇ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-24 |
| 39 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം,ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 40 | കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല. | 1-26 |
| 41 | മരണം രജിസ്റ്റർ ചെയ്യപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയില്ല. | 1-27 |
| 42 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടി അനുപൂരക പോഷകാഹാരം - ഒരേ ബിൽ ഉപയോഗിച്ച് രണ്ട് പ്രാവശ്യം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 1/1 | 19,42,61,600 | 19,31,55,573 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 30.03.2022 | 1/1 | 19,73,17,600 | 19,49,45,158 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 27-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,31,00,724 |
| വരവ് | 7,56,46,509 |
| ആകെ | 9,87,47,233 |
| ചെലവ് | 7,52,84,339 |
| നീക്കിയിരിപ്പ് | 2,34,62,894 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,14,09,772 | 1,14,09,772 | 1,14,09,772 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 86,00,218 | 86,00,218 | 86,00,218 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,73,29,000 | 1,73,29,000 | 1,70,38,523 | 2,90,477 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 48,70,979 | 48,70,979 | 41,91,118 | 6,79,861 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 23,66,000 | 23,66,000 | 19,64,719 | 4,01,281 |
| ടൈഡ് ഗ്രാന്റ് | 0 | 61,54,934 | 61,54,934 | 39,56,671 | 2,19,82,63 |

### 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 173 | 257106813 | 148 | 60900214 | 24% | 85.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4103 | 9,34,266 | 9,38,369 | 9,38,359 | 10 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,80,53,000 | 2,80,53,000 | 2,80,53,000 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 46,09,000 | 46,09,000 | 46,09,000 | 0 |
| ആകെ | 4103 | 3,35,96,266 | 33,600,369 | 3,36,00,359 | 10 |

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | |
| കർഷകതൊഴിലാളി പെൻഷൻ | 409 | 6464000 |
| വിധവാപെൻഷൻ | 1180 | 18700500 |
| വാർദ്ധക്യകാലപെൻഷൻ | 1575 | 23465100 |
| വികലാംഗപെൻഷൻ | 308 | 4870400 |
| അവിവാഹിത പെൻഷൻ | 96 | 1496500 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 11 | 330000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.2023 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,097/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും കൃത്യതയോടെ പരിപാലിക്കുന്നില്ല. വൗച്ചറുകൾ ശരിയായ രീതിയിൽ ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് സ്ഥല പരിമിതി ഉണ്ടെങ്കിലും ഇരിപ്പിട, കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറി/പ്രസിഡണ്ട് എന്നിവരുടെ പേരിൽ സംയുക്ത ദുരിതാശ്വാസ നിധി ഓഡിറ്റ് കാലയളവിൽ ആരംഭിച്ചിട്ടില്ല. തെരുവ് വിളക്കുകൾ പൂർണമായും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് കൊണ്ട് വന്നിട്ടില്ല. അസി.എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളോടൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല.(ഉദാ. അസി.എഞ്ചിനിയർ,എച്ച്.എം.) പ്രോജക്ടുകളുടെ രൂപീകരണ, നിർവ്വഹണ, പൂർത്തീകരണ വേളകളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായി ഇടപ്പെടലുകൾ കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണം നം.08/18.03.2023)

### 1-10-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-10-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 3,62,170/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 26,18,462/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-3 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 147 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-4 വസ്തുനികുതി- സാംഖ്യ-സഞ്ചയ പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

4.1തൻവർഷം

4.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രക | 13,37,619 | 13,34,942 | 4,498 | 1,776 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 13,37,619<br>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 13,31,345<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | 4,498<br>( 350410101-Advance Collection- | 1,776<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)1865*100/105<br>ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | | ആർ.പി-43) | PT On Res. Bldg-ന്റെ ലെഡ്ജർ) | ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

4.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6,93,404 | 6,57,330 | 1,836 | 34,243 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6,93,404 | 6,57,325 | 1,836 | 34,243 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(35,956/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

4.2കുടിശ്ശിക

4.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8,598 | 3,275 | 5,327 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5,330 | 3,271 | 5,327 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1865+3731= 5596/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

4.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,87,512 | 1,50,388 | 37,124 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 187,533 | 1,50,388 | 37,124 |
| | (2020-21ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് | **(38,981/105X100) (ബാലൻസ്ഷീറ്റ് |

| | | | |
|---|---|---|---|
| | ഷെഡ്യൂൾ ബി-15) 49,456+1,47,454 = 1,96,910* (/105*100) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

4.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 68,738 | 440 | 69,178 | 68,563 | 168 | 68,731 | 260 | | 89 | 268 | 357 |
| | നോൺ-റെസിഡൻഷ്യൽ | 35,020 | 9398 | 44,418 | 33,207 | 7541 | 40,748 | 95 | | 1713 | 1857 | 3570 |
| | ആകെ | | | 1,13,596 | | | 1,09,479 | 355 | | 3,927 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1,13,424 | | | 1,09,026 | | | | 1,09,669 | 3,927 | | |
| | | 2020-21 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-ബി15, State Govt . Cess/levies...... ലെഡ്ജർ 2021-22 ലെ ലെഡ്ജർ എന്നിവ പ്രകാരം (9,666+68,738+35020= 1,13,424) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

4.4 സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല(ഉദാ:- 4.1.1, 4.1.2, 4.2.1, 4.3 എന്നീ പട്ടികകൾ).

4.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,09,026/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,09,479/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽ തുകയ്ക്ക് പകരം 1,09,669 രൂപയാണ്(വൗച്ചർ 42100132/31.03.22(പട്ടിക 4.3 കാണുക ).

## 1-10-5 വസ്തുനികുതി- ജേണൽ എൻട്രി മുഖേന ഡിമാന്റ് വ്യത്യാസപ്പെടുത്തി.

വസ്തുനികുതി റിസീവബിൾസ് ലെഡ്ജർ പ്രകാരം താഴെ പറയുന്ന തുക ജേണൽ എൻട്രി വഴി Prior Period Items മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ജേണൽ എൻട്രിക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തൽ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|
| 431100102- Receivables For Property Tax On Residential Buildings(Arrears) | 3,271 | 42100125/01.04.21 |

## 1-10-6 വസ്തുനികുതി അഡ്വാൻസ്- സാംഖ്യ, സഞ്ചയ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"

സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 3,14,731 | 2,98,530 |
| 2 | 350410102-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 20832 |

## 1-10-7 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-8 ആസ്തികളുടെ മൂല്യം സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-9 രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷം ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 90000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-10-10 ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും തിരികെ നൽകാത്ത തുകകൾ പരിശോധിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റ് ചെയ്ത് വർഷങ്ങളായിട്ടും തിരികെ നൽകാത്ത തുകകൾ പരിശോധിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നത് അപ്രകാരം ചെയ്യേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | വർഷം | തുക |
|---|---|---|
| Suppliers EMD | 2016-17 | 3000 |
| | 2017-18 | 7000 |
| | 2018-19 | 109800 |
| Contractors EMD | 2016-17 | 3720 |
| | 2017-18 | 2075 |
| Other Deposits | 2014-15 | 2863 |
| | 2015-16 | 27000 |

### 1-10-11 ഡിപ്രിസിയേഷൻ- രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

2021-22 വർഷത്തെ വാർഷിക കണക്കിലെ Income And Expenditure പത്രിക പ്രകാരം 31,16,235/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-10-12 ചെക്ക് ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആയിട്ടില്ല.

വരവൂർ സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്ന ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആവാത്ത ചെക്കിന്റെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 11404500006 | 14-01-2015 | 885624 | 18.10.2014 | 15000 |

ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആകാത്തതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

### 1-10-13 ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ KGB-Swach Bharath Mission എന്ന ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം ബാലൻസ് 0 ആണ്. എന്നാൽ ടി ബാങ്ക് അക്കൗണ്ട് റസീറ്റ് & പേയ് മെന്റ് ഷെഡ്യൂൾ 40(ബി)യിൽ ഉൾപ്പെട്ടിട്ടില്ല. ടി അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ലെങ്കിൽ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-10-14 ഇൻവെസ്റ്റ്മെന്റ്- ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420500101-Investments-Equity Shares എന്ന ശീർഷകത്തിൽ 1000/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിന്റെ ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-11 പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിച്ചില്ല.

താഴെ ചേർത്തിരിക്കുന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നമ്പർ 3/15.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1) 28/6/21 തിയതിയിലെ അജണ്ട 14, തീരുമാനം 1,ഫയൽ നമ്പർ എ3-1836/21

വരവൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ,വെറ്റിനറി ഹോസ്പിറ്റൽ എന്നിവയോടു ചേർന്നു കിടക്കുന്ന കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് അസി.എൻജിനീയർ തയ്യാറാക്കിയ റിപ്പോർട്ട്(കെട്ടിടത്തിൻറെ പ്ലാൻ,സൈറ്റ് പ്ലാൻ,വാലുവേഷൻ ചാർട്ട്) യോഗം പരിശോധിച്ചു.ഏകദേശം 53ച.മീ വിസ്തീർണ്ണമുള്ള ടി കെട്ടിടം ഏതു നിമിഷവും തകർന്നു വീഴാവുന്ന നിലയിലാണെന്ന് അസി.എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് യോഗം ചർച്ച ചെയ്തു. കെട്ടിടത്തിന്റെയും മതിലിന്റെയും സ്ക്രാപ്പ് വാല്യു ഏകദേശം 23,341രൂപയാണെന്ന് അസി.എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടം പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്തിൻറെ കൈവശത്തിലാണെന്നും യോഗം വിലയിരുത്തി,എത്രയും വേഗം കെട്ടിടവും മതിലും പൊളിച്ച് നീക്കേണ്ടതാണെന്നും യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. കെട്ടിടവും മതിലും നീക്കം ചെയ്യാനായി ലേലനടപടികൾ സ്വീകരിക്കുന്നതിന് അസി.എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

2) 18/2/22തിയതിയിലെ അജണ്ട 9,തീരുമാനം 1, ഫയൽ നമ്പർ എ7-475/22

വരവൂർ ഗ്രാമപഞ്ചായത്തിലെ 13-ആം വാർഡിലെ ദേവിച്ചിറ കുളത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഭാഗമായി വെള്ളം വറ്റിക്കുമ്പോൾ കുളത്തിലുള്ള മത്സ്യങ്ങൾ 24/02/2022 തീയതിയിൽ പരസ്യമായി ലേലം ചെയ്ത് നല്കുന്നതിന് തീരുമാനിച്ചു. ലേല വിളി 30000/-രൂപയിൽ ആരംഭിക്കുന്നതിനും തീരുമാനിച്ചു. ലേലം ആരും എടുക്കാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതിന് പ്രസിഡണ്ടിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു

3) 17/3/22തിയതിയിലെ അജണ്ട 1,തീരുമാനം 1, ഫയൽ നമ്പർ എ4-809/22

വരവൂർ ഗ്രാമപഞ്ചായത്തിലെ 13- ആം വാർഡിൽ ദേവിച്ചിറ കുളത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടത്തുന്ന പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം എടുത്ത് നീക്കം ചെയ്യുന്ന മണ്ണ് സംബന്ധിച്ച് വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ അസി. എഞ്ചിനീയറുടെ 15/03/2022 ലെ M1/WKY/2019/8221/1 A നമ്പർ കത്ത് ചർച്ച ചെയ്തു. ഈ പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്യുന്ന മണ്ണ് മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി തന്നെ ലേലം ചെയ്യുവാനും ആയതിനായി മണ്ണിന്റെ സോയിൽ ടെസ്റ്റ് നടത്തുവാനും തുടർന്നുള്ള ലേല നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. ആയതിനുള്ള ലേല നിബന്ധനകൾ അംഗീകരിക്കുകയും. ഇറിഗേഷൻ AE യുടെ ആവശ്യപ്രകാരം മണ്ണ് താത്ക്കാലികമായി മാറ്റിയിടുന്നതിനായി

സമീപത്തുള്ള ശ്രീ.സുലൈമാൻ, താളത്തിൽ വീട്, തിച്ചൂർ SY NO-227, ശ്രീ.സുലൈമാൻ, ചേലൂർ പീടികയിൽ വീട് തിച്ചൂർ SY NO 226, ശ്രീ. മുസ്തഫ, ചേലൂർപീടികയിൽ, തിച്ചൂർ SY NO -227 എന്നവരുടെ കൈവശമുള്ളസ്ഥലം ഉപയോഗിക്കുന്നതിന് ഉടമകൾ തയ്യാറാണെന്ന് വാർഡ് മെമ്പർ അറിയിച്ചു. അവർ സമ്മതപത്രം നൽകുകയും ഇക്കാര്യം ജിയോളജി ജില്ലാ ഓഫീസറുമായി ബഹു. പഞ്ചായത്ത് പ്രസിഡന്റ് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ സ്ഥലത്തേക്ക് മണ്ണ് മാറ്റിയിടാനം തീരുമാനിച്ചു.

മേൽ കമ്മിറ്റി തീരുമാനങ്ങളിൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

1) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നതിന് കരാറിലേർപ്പെട്ട താഴെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

A) അബ്ദുൾ കരീം, ആലുക്കപീടികയിൽ ഹൗസ്

B) പി എം കമ്മുക്കുട്ടി, പതിപറമ്പിൽ ഹൗസ്, വരവൂർ

C) ഇബ്രാഹിം കെ കെ, കുന്നത്തുപീടികയിൽ ഹൗസ്, വരവൂർ

D) സുബൈർ എസ് വി, ശൗര്യംപറമ്പിൽ ഹൗസ്,തലശ്ശേരി

E) എ എം യൂസഫ്, ആലുക്കപിടികയിൽ ഹൗസ്,കിള്ളിമംഗലം

F) യൂസഫ് ടി എ, താഴത്തേതിൽ ഹൗസ്,,കുമരനല്ലൂർ

G) അബ്ദുൾ റസിക് പി കെ, പതിപറമ്പിൽ ഹൗസ്, വരവൂർ

H) അബ്ദുൾ ഖാദർ, ആലുക്കപീടികയിൽ ഹൗസ്,കിള്ളിമംഗലം

I) ഡെൽമൺ ദേവസ്യ, എരുമേലിൽ ഹൗസ്,പാഞ്ഞാൾ

J) അജ്മൽ പി എ, പുത്തൻപീടികയിൽ ഹൗസ്, കിള്ളിമംഗലം

K) അബ്ദുൾ റഷീദ് എം എം, മാളിയേക്കൽ ഹൗസ്,ദേശമംഗലം

2) വരവൂർ കർഷക സംഘം, തിച്ചൂർ ക്ഷീരോത്പാദക സൊസൈറ്റി എന്നിവ സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( എൻക്വയറി നമ്പർ 15/18.03.23) മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 റേഷൻ ഷോപ്പുകൾ, കള്ള് ഷോപ്പുകൾ എന്നിവയ്ക്ക് FACTEOS ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതു വിതരണ കേന്ദ്രങ്ങൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ എണ്ണവും സാമ്പത്തിക വർഷം ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകിയതിന്റെ രേഖകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(6/18.03.23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകളും, കള്ള് ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി ലൈസൻസ് എടുപ്പിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്ത് തനതുവരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതിയിളവ്- ചട്ടം പാലിച്ചിട്ടില്ല

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 21-22 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ വേക്കൻസി റമിഷൻ മേൽ പറഞ്ഞ ചട്ടം 21 പ്രകാരം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി സ.ഉ(സാധാ)1726/2021/തസ്വഭവ, തിയതി. 10.09.21 പ്രകാരം 15.10.2021 വരെ നീട്ടി നൽകിയിരുന്നു.എന്നാൽ രണ്ടാം അർദ്ധവർഷത്തേക്കു തിയതി നീട്ടി നൽകിയിട്ടില്ല. മേൽ ചട്ടം പാലിച്ച രണ്ടാം അർദ്ധവർഷത്തെ നികുതിയിളവ് നൽകേണ്ടതായിരുന്നു.സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ 21-22വർഷത്തിൽ ഇളവ് നൽകിയ കെട്ടിടങ്ങളുടെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൻ പ്രകാരം ചട്ടം പാലിക്കാതെ നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഫയൽ നമ്പർ | വാർഡ് | കെട്ടിട നം | കെട്ടിട ഉടമ | അപേക്ഷ നൽകിയ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|---|
| 1 | A7/3393/21 | 8 | 163 C | ഷംസു കൊട്ടിലിൽ | 11.11.2021 | 01.10.2021-31.03.2022 |
| 2 | A7/237/22 | 8 | 278 | ശിവശങ്കരൻ,കാർത്തിക | 25.01.2022 | 01.10.2021-31.03.2022 |
| 3 | A5/3450/21 | 11 | 346 | പി അഷ്റഫ്, പൊല്ലക്കായി | 17.11.21 | 01.10.2021-31.03.2022 |

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 16/20.03.23) മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം മാത്രം നികുതിയിളവ് അനുവദിക്കേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി കുറവ് നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും, വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിലേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടെങ്കിൽ വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്താവുന്നതാണ്.

എന്നാൽ ഓഡിറ്റ് വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ ഫോറം 6പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് റോഡ്തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടങ്ങളിലേക്കുള്ള പ്രവേശന സൗകര്യം 5 മീറ്ററിന് മുകളിലുള്ള റോഡിൽ നിന്നുമാണ്. ആയത് പ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്താവുന്നതാണ്. എന്നാൽ വസ്തു നികുതി കുറവായാണ് നിർണ്ണയിച്ച നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട ഉടമ | വാർഡ് /കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണ്ണം | വസ്തുനികുതി നിരക്ക്( രൂപ) | നിർണ്ണയിച്ച വസ്തു നികുതി(മേഖല അടിസ്ഥാനത്തിലുള്ള 10% ഇളവും, 5%ലൈബ്രറി സെസ്സും ഉൾപ്പടെ) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി( മേഖല അടിസ്ഥാനത്തിലുള്ള 10% ഇളവും, റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവും , 5%ലൈബ്രറി സെസ്സും ഉൾപ്പടെ) |
|---|---|---|---|---|---|---|---|---|
| 1 | A5-2448/21 Dt.25.08.21 | മജീദ്&സൈനബ, അല്ലിപറമ്പിൽ,തിച്ചൂർ | 14/101 E | പാർപ്പിടാവശ്യം-അപ്പാർട്ടുമെന്റുകൾ | 52.98 | 5 | 251 | 307 |
| | | | 14/101F | | 52.98 | | 251 | 307 |
| | | | 14/101G | | 52.98 | | 251 | 307 |
| | | | 14/101 H | | 52.98 | | 251 | 307 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | A5-3545/21 Dt.23.11.21 | സേതുമാധവൻ&ഗീത സേതുമാധവൻ, പിലാക്കാട് | പാർപ്പിടാവശ്യം | 4/263A | 178.39 | 5 | 844 | 1031 |
| 3 | A5-2943/21 Dt.4.10.21 | അച്യുത പണിക്കർ, കാവുങ്ങൽ,തിച്ചൂർ | വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിലുള്ള ഷോപ്പുകൾ | 14/35A | 70.06 | 50 | 3313 | 4047 |
| | | | | 14/35B | 66.63 | 50 | 3149 | 3848 |
| | | | | 14/35C | 131.62 | 70 | 8708 | 10135 |
| | | | | 14/35D | 294.64 | 70 | 18517 | 23823 |

ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H വിനിയോഗത്തിൽപ്പെട്ട 300 $M^2$ നും 1000 $M^2$ നും ഇടയിൽ നിർമ്മിതവിസ്തീർണ്ണമുള്ളതും 15 മീറ്ററിൽ താഴെ ഉയരമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും അഗ്നിസുരക്ഷാമാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ, അപ്പൻഡിക്സ് L ൽ അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ എന്നിവ ലഭ്യമാക്കേണ്ടതും സമീപത്തുള്ള ഫയർസ്റ്റേഷനിലേക്ക് അയക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ -2019, റൂൾ -5) മേൽ കൊടുത്തിട്ടുള്ള ക്രമ നമ്പർ 3 ശ്രീ അച്യുത പണിക്കർ, കാവുങ്ങൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ടി 562.95 ച.മീ കെട്ടിടം റഗുലറൈസ് ചെയ്തു നൽകിയെങ്കിലും അഗ്നിസുരക്ഷാമാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് അപ്പൻഡിക്സ് L ൽ പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ, അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 20/22.03.23) മറുപടി ലഭ്യമാക്കിയില്ല.മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി 2021-22 പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ആയതനുസരിച്ച് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-16 പെർമ്മിറ്റ് കാലാവധി തീർന്ന കെട്ടിടത്തിന് പെർമ്മിറ്റ് പുതുക്കാതെ നമ്പർ അനുവദിച്ചു.

ഫയൽ നമ്പർ- A5-2448/21, തിയതി- 25/08/21

മജീദ്&സൈനബ,അല്ലിപറമ്പിൽ ,തിച്ചൂർ(വാർഡ് 14) എന്നയാളുടെ തിച്ചൂർ വില്ലേജ് സർവ്വേ നമ്പർ371/7ൽ ഉൾപ്പെട്ട 840 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഭാഗികമായി പൂർത്തീകരിച്ച 211.92ച.മീ ബിൽട്ട് അപ്പ് ഏരിയയുള്ള റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് (Group A1) കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിൽ പൂർത്തീകരിച്ച നാലു അപ്പാർട്ടുമെന്റുകൾക്കാണ് നമ്പർ അനുവദിച്ചത്(101 E,101 F,101 G,101 H). A3-732/18 തിയതി 30.4.18 നമ്പർ പ്രകാരം 421.82 ച.മീ വിസ്തീർമുള്ള കെട്ടിടം പണിയുന്നതിന് നൽകിയ പെർമ്മിറ്റിന്റെ കാലാവധി 29.04.21 ന കഴിഞ്ഞതാണ്. പെർമ്മിറ്റിന്റെ കാലാവധിക്കു ശേഷം 25.08.21ന നമ്പറിങ്ങിനായി ഉടമ സമർപ്പിച്ച അപേക്ഷ പ്രകാരമാണ് നമ്പർ അനുവദിച്ചിരിക്കുന്നത്. 211.92ച.മീറ്ററിൽ ഭാഗികമായി പണി പൂർത്തീകരിച്ച ടി കെട്ടിടത്തിന്റെ പെർമ്മിറ്റ് പുതുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/21.03.23) മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് കാലാവധി തീർന്നകെട്ടിടത്തിന്റെ പെർമിറ്റ് പുതുക്കാതെ നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 നിയമാനുസൃത കെട്ടിടങ്ങൾക്ക് നൽകുന്ന കെട്ടിട നമ്പർ അനധികൃത കെട്ടിടങ്ങൾക്കു അനുവദിച്ചു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ,ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടങ്ങൾക്ക് അവ നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നൽകുന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | 5/178/A | സജി,ശങ്കരത്ത് പടി |
| 2 | 8/343/A | വീരാൻ&നബീസ കുന്നത്ത്പീടികയിൽ |
| 3 | 10/178/A | റംല,മുണ്ടനാട്ടുപീടികയിൽ |
| 4 | 10/315/B | സുനിൽ ഉണ്ണികൃഷ്ണൻ,വെട്ടുക്കാട് കോളനി |

| | | |
|---|---|---|
| 5 | 12/132/F | ജിൻസൺ തോമസ്,ആലഞ്ചേരി ഹൗസ് |
| 6 | 14/161/C | റീന മണികണ്ഠൻ,കോഴിക്കുന്ന് കോളനി |

2) രജിസ്റ്റർ പ്രകാരം അബൂബക്കർ, കുട്ടപിലാക്കൽ വീട്, തളി എന്നയാളുടെ പേരിലുള്ള വാർഡ് 3ലെ 25 A നമ്പർ കെട്ടിടം അനധികൃത നിർമാണത്തിൽ ഉൾപ്പെടുന്നു. എന്നാൽ ടി കെട്ടിടം സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല.
അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( എൻക്വയറി നമ്പർ 23/22.03.23) മറുപടി ലഭ്യമാക്കിയില്ല. എല്ലാ അനധികൃത കെട്ടിടങ്ങൾക്കും ചട്ട പ്രകാരമുള്ള നമ്പർ അനുവദിക്കേണ്ടതും സഞ്ചയയിൽ ഉൾപ്പെടുത്തി ചട്ട പ്രകാരം നികുതി ഈടാക്കേണ്ടതുമാണ്.

## 1-18 തെരുവ് വിളക്ക് പരിപാലനം- രജിസ്റ്ററിൽ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തെരുവ് വിളക്ക് വാർഷിക പരിപാലനത്തിനും , പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുമായി താഴെ പറയും പ്രകാരം കരാർ നല്കിയിട്ടുള്ളതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരു വിവരം | കരാറുകാരന്റെ പേര് | കരാർ ഉടമ്പടി നമ്പർ | കരാർ കാലയളവ് | വൗച്ചർ | | തുക |
|---|---|---|---|---|---|---|---|
| | | | | | നമ്പർ | തിയതി | |
| 1 | 217/22 എസ്.സി. പഴയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾക്കു പകരം പുതിയLED ബൾബുകൾ (14W) വാങ്ങി സ്ഥാപിക്കൽ-(ധനകാര്യ കമ്മീഷൻ അവാർഡ്) 157എണ്ണംLED(14W) | സതീഷ്.P.S, കൊട്ടിലിൽ ഹൗസ്, പെരുമണ്ണ്, കേച്ചരി | 13/12.03.22 | കരാർ തീയതി മുതൽ 1 വർഷം | 22101197 | 31.03.22 | 1,36,910/- |
| 2 | 162/22 പുതിയ തെരുവു വിളക്കുകൾ LED ലൈറ്റ്(14W) സ്ഥാപിക്കൽ-(ധനകാര്യ കമ്മീഷൻ അവാർഡ്) 500എണ്ണംLED(14W) | സതീഷ്.P.S, കൊട്ടിലിൽ ഹൗസ്, പെരുമണ്ണ്, കേച്ചരി | 11/11.02.22 | കരാർ തീയതി മുതൽ 1 വർഷം | 22101204 | 31.03.22 | 2,41,530/- |
| 3 | 101/22 തെരുവിളക്കുകളുടെ അറ്റകുറ്റപ്പണി അറ്റകുറ്റ പണി(ധനകാര്യ കമ്മീഷൻ അവാർഡ്) | സതീഷ്.P.S, കൊട്ടിലിൽ ഹൗസ്, പെരുമണ്ണ്, കേച്ചരി | 5/ 14.12.21 | 14.12.21 മുതൽ ഒരു വർഷം | 22101199 | 31.03.22 | 1,04,616/- |
| 4 | 218/22 ഹൈമാസ്റ്റ് ലൈറ്റ് പരിപാലനം-(ധനകാര്യ കമ്മീഷൻ അവാർഡ്) | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,അത്താണി (സിൽക്ക്) | 12/ 10.03.22 | 10.03.22മുതൽ രണ്ട് വർഷം | 22101198 | 31.03.22 | 1,41,540 |

കരാർ കാലയളവിൽ കരാറുകാരൻ പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരമുള്ള എല്ലാ തെരുവു വിളക്കുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ലഭ്യമാക്കിയ തെരുവിളക്ക

രജിസ്റ്ററിൽ 14 വാർഡിലേയും റിപ്പയർ ചെയ്ത പോസ്റ്റു നമ്പറുകളും, പുതിയതായി LED ലൈറ്റ് സ്ഥാപിച്ച പോസ്റ്റു നമ്പറുകളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത രജിസ്റ്ററിൽ ഓരോ വാർഡിലേയും ആകെ തെരുവുവിളക്കുകളുടെ ഇനം, തരം, എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതും, ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ലാത്തതുമാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 01/15.03.23)മറുപടിയായി തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓരോ വർഷവും തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയിനത്തിലും പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായും വലിയ തുക ഗ്രാമപഞ്ചായത്ത് ചെലവിടുന്നുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് മുതലായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതുമാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 1/22 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22100884/13.09.21 | 1,67,941/- |
| 2 | 10/22കാൻ തൃശ്ശൂർ (വികസന ഫണ്ട് ജനറൽ) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 22101047/04.02.22 | 1,00,000 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.2/15.03.23)

## 1-20 അങ്കണവാടി അനുപൂരക പോഷകാഹാരം - ഒരേ ബിൽ ഉപയോഗിച്ച് രണ്ട് പ്രാവശ്യം തുക നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ (പ്രൊജക്ട് നം.9/22 -അങ്കണവാടി അനുപൂരക പോഷകാഹാരം) പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 5,00,000/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 14,83,051/- രൂപയും കൂടി ആകെ 19,83,051/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ വൗച്ചർ നം.22100667/ തിയതി.22.12.21 പ്രകാരം ദൃശ്യം അമൃതം ഫുഡ്, മങ്ങാട് എന്ന സ്ഥാപനത്തിന് ഡിസംബർ 2021ൽ ഫുഡ് സപ്ലിമെന്റുകളായ അമൃതം, പോഷകം, കുമാരി പ്ലസ് എന്നിവ വിതരണം ചെയ്തതിന് 1,09,690/ രൂപ നൽകിയിട്ടുണ്ട്. ബില്ലുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| തിയതി | ബിൽ നം | ഫുഡ് സപ്ലിമെന്റിന്റെ പേര് (70 രൂപ നിരക്കിൽ) | തുക |
|---|---|---|---|
| 26.12.2021 | 216 | അമൃതം (972കി.ഗ്രാം) | 68,040/- |
| 26.12.2021 | 217 | പോഷക (310കി.ഗ്രാം) | 21,700/- |
| 26.12.2021 | 218 | കുമാരി പ്ലസ്(285കി.ഗ്രാം) | 19,950/- |
| ആകെ | | | 1,09,690/- |

എന്നാൽ വീണ്ടും ഡിസംബർ 2021 ൽ ഫുഡ് സപ്ലിമെന്റുകളായ അമൃതം, പോഷകം, കുമാരി പ്ലസ് എന്നിവ വിതരണം ചെയ്തതിന് ഇതേ ബിൽ നമ്പറിലും, തിയതിയിലും ഇതേ തുകകൾ രേഖപ്പെടുത്തി ഇതേ സ്ഥാപനത്തിന്റെ തന്നെ ഒറിജിനൽ ബിൽ ഉപയോഗിച്ച് വൗച്ചർ നം.22100827/ തിയതി.17.02.22 പ്രകാരം വീണ്ടും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 1,09,690/-രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം രണ്ട് പ്രാവശ്യവും ഒറിജിനൽ ബിൽ ഉപയോഗിച്ച് തുകകൾ കൈമാറിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20.03.23) മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ഒരേ ബില്ലുകൾ പ്രകാരം രണ്ട് തവണ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നൽകിയ 1,09,690/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഫുഡ് സപ്ലിമെന്റ് വിതരണം ചെയ്ത ദൃശ്യം അമൃതം ഫുഡ്, മങ്ങാട് എന്ന സ്ഥാപനം ഒരേ തീയതിയിൽ ഒരേ നമ്പറിലുള്ള രണ്ട് ഒറിജിനൽ ബില്ലുകൾ നൽകാനിടയായ സാഹചര്യം പരിശോധനാവിധേയമാക്കേണ്ടതാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തുക പലിശസഹിതം തിരികെ

ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എസ്.സി.പി. -രണ്ട് ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ (പ്രൊജക്ട് നം.40/22 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എസ്.സി.പി) പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ(എസ്.സി.പി )നിന്നും 2,00,000/- രൂപ ( വൗച്ചർ നം.22100958/ തിയതി.30.10.21 പ്രകാരം 1,26,600/-രൂപ ,വൗച്ചർ നം.22101049/ തിയതി.07.02.2 പ്രകാരം 73,400/- രൂപ) ചെലവഴിച്ചിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം ഗുണഭോക്താക്കളായ 1) സനു.പി.കെ,S/O കുട്ടൻ,പൊന്നുംകുന്ന് കോളനി,ലക്ഷംവീട് , വരവൂർ 2) വിവേക് .എൽ.കെ S/O കൃഷ്ണൻകുട്ടി, ലക്ഷംവീട് കോളനി, തിച്ചൂർ, വരവൂർ എന്നിവർക്ക് യഥാക്രമം 16,500/-, 12,000/- എന്നിങ്ങനെ ആകെ 28,500/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി ഗുണഭോക്താക്കളുടെ UTR Statement ൽ UTR നമ്പറിന് പകരം "NULL" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനെ തുടർന്ന് സനു.എൽ.കെയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ (അക്കൗണ്ട് നം.62800100003528) മേൽ ബില്ലുകൾ പ്രകാരം അനുവദിച്ച തുകകളായ 16,500/- ,12,000/- എന്നിവ വരവ് വച്ചിട്ടില്ല. വിവേക് .കെ.കെയുടെ പാസ്ബുക്ക് (അക്കൗണ്ട് നം.62800100002085) ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക ലഭിച്ചുവെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20.03.23) മറുപടി ലഭ്യമാക്കിയില്ല. സ്കോളർഷിപ്പ് തുകയായ 28500/- രൂപ വീതം രണ്ട് ഗുണഭോക്താക്കൾക്കും ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുകയായ 57,000/- രൂപ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് ഭവന പദ്ധതി- ധനസഹായം കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1. ലൈഫ് ഭവന പദ്ധതി പ്രകാരം 2018-19 വർഷം ഭവനനിർമ്മാണത്തിന് ധനസഹായമായി ശ്രീമതി. അജിത, പുത്തൻപീടികയിൽ, കൊറ്റുപുറം എന്ന ഗുണഭോക്താവിന് 28/07/2018 ന് 40,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടിയാരി പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി ധനസഹായം കൈപ്പറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ധനസഹായം കൈപ്പറ്റി നാല്വ വർഷത്തിൽ അധികമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച അന്വേഷണത്തിന് മറുപടിയായി ഗുണഭോക്താവിന് തുക തിരികെ അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പലതവണ കത്തയച്ചിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും നിർവ്വഹണഉദ്യോഗസ്ഥൻ നേരിൽ അറിയിച്ചു. ടി വിഷയം 2018-19 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല. ഈ വിഷയത്തിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ലൈഫ് ധനസഹായ വിതരണ രജിസ്റ്റർ പ്രകാരം 2020-21 വർഷം കരാർ വെച്ച് ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | പേരും വിലാസവും | നാളിതു വരെ കൈപ്പറ്റിയ ധനസഹായം | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ബീന, നെല്ലിക്കുന്ന് കോളനി, തിച്ചൂർ | 360000 | 12/10/22 |
| 2 | ദീപു, പ്ലാത്തോട്ടത്തിൽ | 360000 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | സുഹറാബി, പുത്തൻപറമ്പിൽ | 340000 | 15/02/22 |
| 4 | സുഭദ്ര, പാലക്കാട്ടിൽ | 360000 | 12/10/22 |
| 5 | ഗീത, ചിറ്റിലംപാറ | 360000 | 22/10/22 |
| 6 | നബീസ, താഴത്തേതിൽ | 40000 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | പ്രസാദ്, ആട്ടുകണ്ണികോളനി | 340000 | 22/12/22 |
| 8 | കുഞ്ഞാമു, പൊന്നുംകുന്ന്കോളനി | 340000 | 16/11/21 |
| 9 | ഗീത, ചോലക്കുന്ന് | 360000 | 10/01/23 |

| | | | |
|---|---|---|---|
| | പറമ്പിൽ | | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 24/22.03.23)

## 1-23 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ ,ഹോമിയോ.

പ്രോജക്ട് പേര്, നമ്പർ - ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ, S0052/22.

ട്രഷറി ബിൽ നം.1/2021 -22. Dtd.14.1.22. ₹3,00,000/ -

മേൽ ട്രഷറി ബിൽ വഴി പിൻവലിച്ച തുക പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക മുൻകൂറായി നല്കിയിട്ടുണ്ട്. ഇൻവോയ്സ്, സ്റ്റോക്ക് എൻട്രി എന്നിവ പ്രകാരം 188637/ - രൂപയുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാലൻസ് തുകയായ 111363/ - രൂപയുടെ മരുന്ന് ലഭിച്ചതായി പരിശോധനയിൽ കണ്ടില്ല 18.3.23 ലെ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 18.3.23 ന് ഇൻവോയ്സ് നം.LF -2018 Dtd.10.3.23. പ്രകാരം ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ കാലവിളംബം കൂടാതെ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമായ മരുന്നുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.12/18.3.23.)

## 1-24 ഇ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

2021 -22 വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഇ – ടെണ്ടർ ഫി ഇനത്തിൽ ലഭിച്ച തുക അസി. എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച് വരുന്നു.ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേക്ക് എത്രയും വേഗം കൈമാറേണ്ടതും തുക കൈമാറിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ ഇനത്തിൽ മുൻ വർഷങ്ങളിലെ തുകകൾ ഉണ്ടെങ്കിൽ ആയത് കൂടി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.9/18.3.23.പ്രകാരം ആകെ ഇ – ടെണ്ടർ പ്രോജക്ടുകളുടെ വിവരം, ഇ – ടെണ്ടർ ഫി ഇനത്തിൽ തൻവർഷം ലഭിച്ച ആകെ തുകയുടെ വിവരങ്ങൾ എന്നിവ ആരാഞ്ഞിരുന്നു. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-25 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം,ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം കണക്കാക്കി ലേല നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്. നമ്പർ | ട്രഷറി ബിൽ നം/ വൗച്ചർ നം. തിയതി, തുക | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് |
|---|---|---|---|
| 1 | നീർക്കോലി മുക്ക് സെന്റർ മുതൽ വെട്ടുക്കാട് കോളനി വരെ കാന നിർമ്മാണം.S0118/22. | 8/21 -22. Dtd.29.7.21. 630808/ - | 139.497 M3 @206 |
| 2 | രാമൻകുളം കാന നിർമ്മാണം. So170/22. | Vr.no.22100740. Dtd.11.1.20. 596950/ - | 186.814 M3. @182.3589. |

മേൽ പ്രോജക്ടുകളിൽ നിന്നും ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരം, ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.10/18.3.23).

## 1-26 കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവ് ചെയ്തില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ റോഡ് ടാറിംഗ് , റി - ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ ഉപയോഗിച്ചതിന്റെ കാലി ബാരലിന്റെ വില കുറവ് ചെയ്യാതെ കരാറുകാരന് മുഴുവൻ തുകയും നല്കിയിട്ടുണ്ട്. ഉപയോഗിച്ച ബിറ്റുമിന്റെ അളവനുസരിച്ച് കാലി ടാർ വീപ്പയുടെ എണ്ണം കണക്കാക്കി അതനുസരിച്ച് കാലി ടാർ വീപ്പയുടെ വില ജി.എസ്.ടി ഉൾപ്പെടെയുള്ള തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

പാക്ക്ഡ് ബിറ്റുമിന്റെ ചാർജ് ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രോജക്ടിന്റെ പേര്, നമ്പർ | ട്രഷറി ബിൽ നം.,തിയതി, തുക | ബിറ്റുമിന്റെ അളവ്. (Kg.) | ബാരലിന്റെ എണ്ണം | ബാരലിന്റെ വില. @238+18% GST. | കരാറുകാരന്റെ പേര്. |
|---|---|---|---|---|---|---|
| 1. | ആവശ്ശേരി റോഡ് റി -ടാറിംഗ്.S0119/22. | 1/2021 -22 Dtd.27.7.21. 199157/ - | VG.30 -1570.86. RS.1 -142.03. | 10+ 1 | 3091/ - | P.m.കമ്മുട്ടി. |
| 2. | ചേലൂർ മുതൽ തിച്ചൂർ റോഡ് റി - ടാറിംഗ്. S0137/22. | 2/2021 -22. Dtd.27.7.21. 199987/ - | VG.30 -1574.62. RS.1-141.74. | 10 +1 | 3091/ - | A.M. യൂസഫ്. |
| 3. | കോഴിക്കുന്ന് കോളനി റോഡ് റി - ടാറിംഗ്. S0136/22 | 4/21-22. Dtd.2 7.7.21. 597772/ - | VG.30 – 4557.73. RS.1 -428.73 | 29+2 | 8711/ - | A.M. യൂസഫ്. |
| 4. | കോഴിക്കുന്ന് പതിയാരം റോഡ് റി - ടാറിംഗ്. S0134/22 | 5/21-22. Dtd.27.7.21. 429647/ - | VG.30 – 3386.08. RS.1 -304.80. | 22+2 | 6744/ - | P.M. വീരാൻകുട്ടി. |
| 5. | കോട്ടക്കുന്ന് കോളനി റോഡ് റി - ടാറിംഗ്. S0135/22 | 6/21-22. Dtd.27.7.21. 249798/ - | VG.30 – 1968.65. RS.1 – 177.56. | 13+1 | 3934/ - | A.M. യൂസഫ്. |
| 6 | ഹാജിയാർപടി മുതൽ] ചങ്ങരത്ത് വളപ്പിൽ അബൂബക്കർ റോഡ് റി - ടാറിംഗ്. S0135/22 | 7/21-22. Dtd.27.7.21. 496446/ - | VG.30 -3939.65. RS.1 -355.75. | 25+2 | 7587 | A.M. യൂസഫ്. |
| 7. | വെട്ടുക്കാട് കോളനി റോഡ് റി - ടാറിംഗ്. S0126/22 | 9/21 -22. Dtd.27.7.21. 299983/ - | VG.30 – 2277.87. RS.1 – 213.98 | 15+1 | 4496/ - | A.M. യൂസഫ്. |
| 8. | വിരുട്ടാണം സിനി ക്ലബ് റോഡ് റി - ടാറിംഗ്. S0122/22. | 10/21 -22. Dtd.29.7.21. 496414/ - | VG.30 – 3753.92 RS.1- 340.46. SS.1 -25.50 | 24 +2 | 7306 | A.M. യൂസഫ്. |
| 9. | ശങ്കരത്ത് കോളനി മുതൽ രാമൻകുളം LPSവരെ റീ -ടാറിംഗ്. S0129/22. | 13/21 -22. Dtd.29.8.21. 488915/ - | VG.30 -3979.02 RS.1 -351. | 26 +2 | 7868/ - | A.M. യൂസഫ്. |

| | | | | | | |
|---|---|---|---|---|---|---|
| 10. | തിച്ചൂർ സെന്റർ മുതൽ നെല്ലിക്കുന്ന് കോളനി പാലം വരെ റി - ടാറിംഗ്. So132/22. | 15/21 -22. Dtd.25.8.21. 596677/ - | VG.30 – 4558.18. 428.79. | 29 +2 | 8711/ - | A.M. യൂസഫ്. |
| 11. | പൊട്ടക്കാളക്കുന്ന് റോഡ്. So25/22. | 30/21 -22. Dtd.14.2.22. 399921/ - | VG. 30 – 1899.72 SS.1 -15.30. RS.1 -173.34. | 12 +1 | 3653 | അബ്ദുൾ റാസിഖ്. |
| 12. | തുമരക്കുന്ന് കോളനി റോഡ്. So67/22. | 33/21 -22. Dtd.25.2.22. 733508/ - | VG.30 - 1323.48 SS.1 – 560.24. RS.1 -181.25. | 8+4 | 3372 | A.M. അബ്ദുൾ ഖാദർ. |
| 13. | വെട്ടുക്കാട് കോളനി റോഡ്. So28/22. | 35/21 -22. Dtd.22.3.22. 552232/ - | VG.30 - 2433.81 SS. 1 -36.72. RS.1-225.59. | 16+1 | 4777/ - | K.K.ഇബ്രാഹിം |
| 14. | അത്തിക്കുന്ന് പൊന്നപടി റോഡ്. So80/22. | 36/21 -22. Dtd.22.3.22. 695601/ - | VG.30 - 1409.28 SS.1 – 106.25. RS.1 -138.96. | 9 +1 | 2810/ - | K.K.ഇബ്രാഹിം |
| 15. | പാറപ്പുറം മണിമുക്ക് റോഡ് So58/22 | 37/21 -22 . Dtd.22.3.22. 807972/ - | VG.30 - 6102. RS.1 – 550.82 | 39 +3 | 11802 | K.K.ഇബ്രാഹിം |
| 16. | പിലക്കാട് പോസ്റ്റ് ഓഫീസ് റോഡ് റി -ടാറിംഗ്. So131/ 22. | 38/21 -22. Dtd.22.3.22. 299738/ - | VG.30 - 2149.36 SS.1 – 30.6 RS.1 -197.57. | 14+1 | 4215/ - | A.M.യൂസഫ്. |
| 17. | തീത്തുമ്മ പടിമുതൽ ചിത്തരഞ്ജൻ നായർ പടി റോഡ് റി – ടാറിംഗ്.so127/22 | 39/21 -22. Dtd. 18.3.22. 395765/ - | VG.30 - 2123.96 SS.1 – 25.5. RS.1 -196.68. | 14 +1 | 4215 | A.M.യൂസഫ് |
| 18. | തിച്ചൂർ ഫോറസ്റ്റ് റോഡ്. So81/22. | 40/21 -22. Dtd.22.3.22. 249810/ - | VG.30 - 1741.40 RS.1 -156.61 | 11+ 1 | 3372 | അബ്ദുൾ റാസിഖ്. |
| 19. | ദേവിച്ചിറ ലിങ്ക് റോഡ്. So53/22. | 41/21 -22. Dtd.22.3.22. 348011/ - | VG.30 - 1318.68 SS.1 – 7.65 | 8+1 | 2529/ - | അബ്ദുൾ റാസിഖ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | RS.1 -126.83. | | | |
| 20. | കുമരപ്പനാൽ മദ്രാസ റോഡ്. So69/22. | 45/21-22. Dtd.22.3.22. 454124/ - | VG.30 - 1514.73 SS.1 – 305. RS.1 -170.68 | 10 +2 | 3372/ - | K.K.ഇബ്രാഹിം |
| 21. | വാഴക്കപറമ്പ് കോളനി റോഡ്.so71/22. | 46/21 -22. Dtd.22.3.22. 542155/ - | VG.30 - 1982.65 SS.1 – 127.50 RS.1 -206.29 | 13 +2 | 4215/ - | A.M.യൂസഫ്. |
| 22. | പാറപ്പുറം കുന്നംകാട്ടു കോളനി റോഡ് റി - ടാറിംഗ്. So125/22. | 49/21 -22. Dtd.22.3.22. 589624/ - | VG.30 -3627.16 RS.1 – 319.92. | 23 +2 | 7025/ - | A.M.യൂസഫ് |
| 23. | കൊങ്ങത്ത് പറമ്പ് കോളനി റോഡ്. So36/22. | 50/21 -22. Dtd.22.3.22. 468553/ - | VG.30 – 3498.55 RS. 1 -318.58 | 22 +2 | 6744/ - | A.V. അബ്ദുൾ ഖാദർ |
| 24. | വിരുട്ടാണം കോളനി അമ്പലം റോഡ് റി - ടാറിംഗ്. So123/22 | 51/21-22. Dtd.22.3.22. 147975/ - | VG.30 – 1340.34 RS. 1 – 120.71. | 9 +1 | 2810/ - | A.M. യൂസഫ് |
| 25. | ആല ഹൈസ്കൂൾ റോഡ്.so32/22 | 52/21 -22. Dtd.22.3.22. 549880/ - | VG.30 -3323.76 SS.1 -19.13. RS.1 -307.61. | 21 +2 | 6463/ - | S.Y.സുബൈർ. |
| 26. | വടക്കേ പെരുംകുന്ന് കോളനി റോഡ്. So44/22 | 53/21 -22. Dtd.22.3.22. 644663/ - | VG.30 -4801.50 SS.1- 17 - RS.1 -442.90. | 31 +2 | 9273/ - | A.M. യൂസഫ്. |
| 27. | ചക്കം കുളം പള്ളിപ്പാടം റോഡ്. So77/22. | 54/21 -22. Dtd.22.3.22. 419007/ - | VG.30 -2924.86 RS.1 -262.85. | 19 +1 | 5620/ - | A.M.യൂസഫ്. |
| 28. | തളി അരക്കുളം റോഡ്. So84/22. | 58/21 -22. Dtd. 28.3.22. 495245/ - | VG.30 – 1675.52 Rs.1 -150.76. | 11 +1 | 3372/ - | A.M.യൂസഫ്. |
| ആകെ | | | | | 151178/ - | |

കാലി ടാർ വീപ്പയുടെ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പിന്നീട് കണക്കാക്കുന്നതാണ്. ആദ്യ മറുപടിയിൽ തന്നെ

തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അതുവരേയ്ക്കും മേൽ തുക 1,51,178/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.11/18.3.23.)

1-27 മരണം രജിസ്റ്റർ ചെയ്യപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയില്ല.

മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് 02.08.2021 ലെ 63/2021/ധന നമ്പർ സർക്കുലർ പ്രകാരം ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ് പരിഷ്കരിച്ച് ഉത്തരവിറക്കിയിരുന്നു. ടി സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ വരവൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മരണശേഷവും പെൻഷൻ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പെൻഷനറുടെ പേര് | മരണപ്പെട്ട തീയതി | മരണം രജിസ്റ്റർ ചെയ്ത തിയതി | മരണശേഷം പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | പെൻഷണർ ഐ.ഡി | പെൻഷൻ തരം | പ്രാദേശിക സർക്കാർ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| 1. | പങ്കജാക്ഷി | 06.12.2020 | | ഏപ്രിൽ 21 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107310601114 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | വരവൂർ ഗ്രാമപഞ്ചായത്ത് | സസ്പെൻഡ് |
| 2. | പരീത് ആർ എം | 22.07.21 | 13/08/21 | സെപ്റ്റംബർ 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107280200875 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വടക്കാഞ്ചേരി മുൻസിപ്പാലിറ്റി | സസ്പെൻഡ് |
| 3. | ഗംഗാധരൻ നായർ | 30.05.2021 | 07/07/21 | ജനുവരി 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107310200110 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വരവൂർ ഗ്രാമപഞ്ചായത്ത് | സസ്പെൻഡ് |
| 4. | ലക്ഷ്മിക്കുട്ടിയമ്മ | 15.08.21 | 13/09/21 | ഫെബ്രുവരി 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107310100638 | കർഷക തൊഴിലാളി പെൻഷൻ | വരവൂർ ഗ്രാമപഞ്ചായത്ത് | സസ്പെൻഡ് |
| 5. | നീലി | 28.12.20 | 22.09.21 | ഫെബ്രുവരി 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107310601064 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | വരവൂർ ഗ്രാമപഞ്ചായത്ത് | സസ്പെൻഡ് |
| 6. | സുരേന്ദ്രൻ കെ കെ | 25.02.21 | 23.03.21 | ഫെബ്രുവരി 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107310201616 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വരവൂർ ഗ്രാമപഞ്ചായത്ത് | സസ്പെൻഡ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7. | കാർത്ത്യായനി സി പി | 19.06.21 | 02.07.21 | ജനവരി 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 107310200045 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വരവൂർ ഗ്രാമപഞ്ചായത്ത് | സസ്പെൻഡ് |
| 8. | കുഞ്ഞിമുഹമ്മദ് | 5.06.21 | 07.07.21 | ജനവരി 22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | 1072000201711 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ചാവക്കാട് മുൻസിപ്പാലിറ്റി | സസ്പെൻഡ് |

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മറ്റ് പ്രാദേശിക സർക്കാർ/സ്ഥാപനങ്ങൾ മുഖേന പെൻഷൻ കൈപറ്റുന്നവരുമായ ഗുണഭോക്താക്കളുടെ മരണ വിവരങ്ങൾ യഥാസമയം പ്രസ്തുത സ്ഥാപനങ്ങളെ അറിയിക്കാതിരിക്കുകയും ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്ത് മുഖേന സാമൂഹ്യസുരക്ഷ പെൻഷൻ കൈപ്പറ്റുന്നവരുടെ പെൻഷൻ അക്കൗണ്ട് യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുകയും തത് ഫലമായി മരണശേഷവും തുക അനുവദിച്ചിട്ടുള്ളതായി സേവന പെൻഷൻ പോർട്ടലിലെ തിരച്ചിൽ സംവിധാനം ഉപയോഗിച്ചതിലൂടെ മനസ്സിലാകുന്നു. മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായതും എന്നാൽ 2021-22വർഷത്തിൽ മറ്റു പ്രാദേശിക സർക്കാരിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരുമായ വ്യക്തികളുടെ വിവരം മരണം രജിസ്റ്റർ ചെയ്യപ്പെട്ട പ്രാദേശിക സർക്കാർ അറിയിച്ചതിന്റെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ 21/21.03.23) മറുപടി ലഭ്യമാക്കിയില്ല. ഡാറ്റാബേസ് പരിശോധിച്ച് മുഴുവൻ അനർഹരെയും ഒഴിവാക്കി തുടർനടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

### 1-28 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ | 19/22 | 20/22 |
|---|---|---|
| പ്രൊജക്റ്റ് | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | പെയിൻ & പാലിയേറ്റീവ് പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി വരവൂർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി വരവൂർ |
| വിതരണക്കാരൻ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് |
| വൗച്ചർ നംപർ, തുക | 22100996/13.12.2– ₹2,25,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 22101062/14.02.22 – ₹3,00,000/- ( വികസന ഫണ്ട്- ജനറൽ) |

1. പ്രൊജക്റ്റ് നമ്പർ - 19/22 പ്രകാരം ₹2,25,000/- യ്ക്ക് (പ്രൊഫോർമ ഇൻവോയ്സ് നം. PRF 3872/07.12.21 - ₹2,25,000/-) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ₹1,57,199/-യ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹67,801/- യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

2. പ്രൊജക്റ്റ് നമ്പർ -20/22 പ്രകാരം 3,00,000/- രൂപയ്ക്ക് (പ്രൊഫോർമ ഇൻവോയ്സ് നം. PRF 5571/08.02.22- ₹3,00,000) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ₹1,38,414/- യ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹1,61,586/- യ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.15/20.03.23) മറുപടിയായി മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി അനുപൂരക പോഷകാഹാരം - ഒരേ ബിൽ ഉപയോഗിച്ച് രണ്ട് പ്രാവശ്യം തുക നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ (പ്രൊജക്റ്റ് നം.9/22 -അങ്കണവാടി അനുപൂരക പോഷകാഹാരം) പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 5,00,000/- രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 14,83,051/- രൂപയും കൂടി ആകെ 19,83,051/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ വൗച്ചർ നം.22100667/ തിയതി.22.12.21 പ്രകാരം ദൃശ്യം അമൃതം ഫുഡ്, മങ്ങാട് എന്ന സ്ഥാപനത്തിന് ഡിസംബർ 2021ൽ ഫുഡ് സപ്ലിമെന്റുകളായ അമൃതം, പോഷകം, കുമാരി പ്ലസ് എന്നിവ വിതരണം ചെയ്തതിന് 1,09,690/ രൂപ നൽകിയിട്ടുണ്ട്. ബില്ലുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| തിയതി | ബിൽ നം | ഫുഡ് സപ്ലിമെന്റിന്റെ പേര് (70 രൂപ നിരക്കിൽ) | തുക |
|---|---|---|---|
| 26.12.2021 | 216 | അമൃതം (972കി.ഗ്രാം) | 68,040/- |
| 26.12.2021 | 217 | പോഷക (310കി.ഗ്രാം) | 21,700/- |
| 26.12.2021 | 218 | കുമാരി പ്ലസ്(285കി.ഗ്രാം) | 19,950/- |
| ആകെ | | | 1,09,690/- |

എന്നാൽ വീണ്ടും ഡിസംബർ 2021 ൽ ഫുഡ് സപ്ലിമെന്റുകളായ അമൃതം, പോഷകം, കുമാരി പ്ലസ് എന്നിവ വിതരണം ചെയ്തതിന് ഇതേ ബിൽ നമ്പറിലും, തിയതിയിലും ഇതേ തുകകൾ രേഖപ്പെടുത്തി ഇതേ സ്ഥാപനത്തിന്റെ തന്നെ ഒറിജിനൽ ബിൽ ഉപയോഗിച്ച് വൗച്ചർ നം.22100827/ തിയതി.17.02.22 പ്രകാരം വീണ്ടും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 1,09,690/-രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം രണ്ട് പ്രാവശ്യവും ഒറിജിനൽ ബിൽ ഉപയോഗിച്ച് തുകകൾ കൈമാറിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 13/20.03.23) മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ഒരേ ബില്ലുകൾ പ്രകാരം രണ്ട് തവണ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികമായി നൽകിയ 1,09,690/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഫുഡ് സപ്ലിമെന്റ് വിതരണം ചെയ്ത ദൃശ്യം അമൃതം ഫുഡ്, മങ്ങാട് എന്ന സ്ഥാപനം ഒരേ തീയതിയിൽ ഒരേ നമ്പറിലുള്ള രണ്ട് ഒറിജിനൽ ബില്ലുകൾ നൽകാനിടയായ സാഹചര്യം പരിശോധനാവിധേയമാക്കേണ്ടതാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തുക പലിശസഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ ലൈഫ് പദ്ധതി | - | - | 39,52,000 | 9,38,667 | - | 30,13,333 |

## 4-5 സ്ഥിരനിക്ഷേപം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420500101-Investments-Equity Shares എന്ന ശീർഷകത്തിൽ 1000/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ആയതിന്റെ ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 19-20 | | 2020-21 | 1-23 | GAD പ്രിന്റർ സംബന്ധിച്ച് | മറുപടി നൽകിയിട്ടുണ്ട് |
| | | | 1-24 | HMC വാർഷിക കണക്ക് | മറുപടി നൽകിയിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,56,46,509 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,52,84,339 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,09,690 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,08,178 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 1,09,690 | ശ്രീമതി. ലിപ്സി.എം.വി., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 57,000 | ശ്രീമതി. ലിപ്സി.എം.വി., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-26 | 1,51,178 | ശ്രീ.അജി ഫ്രാൻസിസ്, അസി.എഞ്ചിനീയർ |
| ആകെ | 2,08,178 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

-

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലിപ്സി.എം.വി., ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ലീവ് | മാട്ടുമ്മൽ വീട്, പെരുവരം, നോർത്ത് പറവൂർ |
| ശ്രീ.അജി ഫ്രാൻസിസ്, അസി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, വടക്കാഞ്ചേരി ബ്ലോക്ക് | കല്ലുകാടൻവീട്, ഒല്ലൂർ പി.ഒ., തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/ ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT13-314/98 Dt.11.8.98/5.12.98 | 14 | 2-16, 2-17, 2-24, 2-25, 2-26, 2-27, 2-28എ, 2-31, 2-33, 2-36, 2-37, 2-38, 2-39, 2-40 | |
| 2 | 1997-98 | LFT20-40/2000 Dt.20.5.2000/ 11.7.2000 | 13 | 19ബി, 23, 24, 25, 27, 29, 30, 32, 33, 34, 37, 38, 39 | |
| 3 | 1998-99 | LFT20-597/2000 Dt.26.9.00/ 13.10.2000 | 38 | 35,36,37,38,39, 40,44ബി, 47, 48, 50, 51, 53, 55, 59, 60,61,62, 65, 66, 67എ, 68, 71, 72എ, ബി, 73, 74, 77, 78, 79, 82, 84, 85, 86, 87, 88, 89, 90, 91, 92 | |
| 4 | 1999-2000 | LFT17-1689/2002 Dt.23.1.03 | 11 | 2-24, 2-27, 2-28, 2-30, 2-32, 2-34, | |

| | | | | | |
|---|---|---|---|---|---|
| | | | | 2-35, 2-36, 2-37, 2-38, 2-39 | |
| 5 | 2000-01 & 2001-02 | LFT17-1440/2003 Dt.1.3.04 | 13 | 1,2,3,4,5,6,7,8,9, 10,11,12,13 | |
| 6 | 2001-02 | LFT17-690/04 Dt.9.12.04/9.3.05 | 20 | 1,2,3,5എ,6,7,11,12, 13,14,15,16,17,18,19, 20,21,22,23,24 | |
| 7 | 2002-03 | LFT17-1222/08 Dt.28.08.09 | 1 | 2-2 | |
| 8 | 2003-04 | LFT17-1047/08 Dt. 29.8.09 | 12 | 2-1, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20,3-21,3-23 | |
| 9 | 2004-05 | LFT17-66/09 Dt.25.05.10 | 1 | 3-4 | |
| 10 | 2005-06 | LFT17-320/10 Dt.17.9.2010/ 19.10.2011 | 7 | 3-1, 3-3(1), 3-3(2), 3-3(3), 3-5, 3-6, 3-7 | |
| 11 | 2006-07 | LFT17.321/10 Dt.17.9.10/19.10.11 | 7 | 1എ,ബി,സി, 3-1, 3-2, 3-3, 3-4, 3-5, 3-7 | |
| 12 | 2007-08 മുതൽ 2010-11 വരെ | LFT-P1-1661/12 Dt.5.2.13 | 14 | 1-3, 1-4, 3-1, 3-2, 3-4, 3-7, 3-8,3-9, 3-11(1,3,4,5,6),3-13, 3-15, 3-18, 3-19, 3-22(1) | |
| 13 | 2011-12 | LFTP5-1723/13 Dt.5.2.14 | 4 | 3-1, 3-2, 3-6, 3-7 | |
| 14 | 2012-13 | LFTP7-1922/14 Dt.16.4.15/4.6.15 | 8 | 1-11, 1-12, 2-3(എ,ബി), 3-2, 3-3, 3-4, 3-5, 3-10 | |
| 15 | 2013-14 | KSA-TSR-P5-191/16 Dt.18.2.16/14.3.16 | 8 | 1-10, 2-3, 3-2, 3-3, 3-4, 3-5, 3-9, 3-10 | |
| 16 | 2014-15 | KSA-TSRP5-1195/16 Dt.22.7.16 | 5 | 1-3, 2-2, 3-2, 3-3, 3-5 | |
| 17 | 2015-16 | KSA-TSRP5-2207/16 Dt.16.1.17 | 17 | 2-3, 2-7, 2-10, 2-11, 2-12, 2-14, 2-18, 3-3, 3-11, 3-12, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-13,<br>3-14, 3-16, 3-17,<br>3-18,3-19, 3-22 | |
| 18 | 2016-17 | KSA-<br>TSRP5-1432/17<br>Dt.13.9.17/6.10.17 | 20 | 2-4, 2-7, 2-9, 3-1,<br>3-2, 3-3, 3-4,<br>3-5,<br>3-6, 3-7, 3-8,<br>3-9,<br>3-10, 3-11, 3-12,<br>3-14, 3-15, 3-16,<br>3-17, 3-18 | |
| 19 | 2017-18 | KSA-TSR<br>P5-1589/2018<br>Dt.7.12.18 | 14 | 1-10, 2-3, 2-4,<br>3-1-1എ,ബി, 3-1-2,<br>3-2, 3-3, 3-4,<br>3-5,<br>3-6, 3-7, 3-8,<br>3-9(1,2), 3-10 | |
| 20 | 2018-19 | KSA-TSR<br>P5-330/2019<br>Dt.11.05.20 | 13 | 1-9, 1-11, 1-12,<br>1-15,1-17,<br>1-18, 1-20, 1-21,<br>1-22, 1-24,<br>1-25, 1-26, 1-27 | |
| 21 | 2019-20 | KSA-TSR<br>P15-872/2021<br>Dt.02.07.21 | 37 | 1-11-1, 1-11-2, 1-11-3,<br>1-11-4, 1-11-5,<br>1-11-6, 1-11-7,<br>1-11-8, 1-11-9,<br>1-11-10, 1-11-11,<br>1-11-12, 1-11-13,<br>1-11-14 , 1-12, 1-13,<br>1-14, 1-15, 1-16,<br>1-17, 1-18, 1-19,<br>1-20, 1-21, 1-22,<br>1-23, 1-24, 1-25,<br>1-26, 1-27, 1-28,<br>1-29, 1-30, 1-32,<br>3-1,<br>4-8, 4-9 | |
| 22 | 2020-21 | KSA-TSR<br>P15-999/2022<br>Dt.29.06.22 | 41 | 1-9-1 , 1-9-2,<br>1-9-3, 1-9-4,<br>1-9-5, 1-9-6,<br>1-9-7, 1-9-8,<br>1-9-9, 1-9-10,<br>1-9-11, 1-9-12,<br>1-9-13, 1-9-14,<br>1-9-15, 1-10, 1-11,<br>1-12, 1-13, 1-14,<br>1-15, 1-16, 1-17, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34 , 3-1 | |
| | ആകെ | | 318 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വരവൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്